LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി

114 (863) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം വിനോദസഞ്ചാര മേഖല വൻ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ടൂറിസം മേഖലയ്ക്കുവേണ്ടി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രത്യേക പാക്കേജ് നടപ്പിലാക്കുവാനായി 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നു.

(സി) പിന്നോക്കാവസ്ഥയിലുള്ള മലബാർ പ്രദേശത്തിന്റെ ടൂറിസം വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ?

മലബാർ ടൂറിസം വികസനം ലക്ഷ്യംവച്ച് കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ പൈതൃക കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ധർമ്മടം - മുഴപ്പിലങ്ങാട് ബീച്ചിന്റെ സമഗ്ര വികസനം, കണ്ണൂർ കാസർഗോഡ് ജില്ലകളിലെ നദികളിലൂടെയുള്ള നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം ഈ സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്.

അഡ്വഞ്ചർ ടൂറിസം മേഖലയിലെ പദ്ധതികൾ

115 (864) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. അഡ്വഞ്ചർ പാർക്ക് തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ ആരംഭിച്ചു.

2. സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസ് & രജിസ്ട്രേഷൻ സിസ്റ്റം സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 തരം സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കി.

3. അന്തർദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുക പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപനങ്ങൾ, ടെക്നിക്കൽ അഡ്വൈസേർസ് എന്നിവരുമായി സഹകരിച്ച് അന്തർ ദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിച്ച് വരുന്നു. പ്രധാനപ്പെട്ടവ താഴെപ്പറയുന്നു :

   (i) ഇന്റർനാഷണൽ മൗണ്ടെൻ ബൈക്ക് ചലഞ്ച് MTB Kerala നടത്തിവരുന്നു. 2018, MTB Kerala 5th Edition മത്സരത്തിൽ നാഷണൽ തലത്തിൽ ആദ്യമായി വനിതകളെ കൂടി ഉൾപ്പെടുത്തി. 2019 ഡിസംബറിൽ നടന്ന MTB Kerala 2019 സൈക്ലിംഗ് മത്സരം അന്തർദേശീയ സംഘടനയായ യു.സി.ഐ.-യുടെ ഭാഗമായി മാറി.

   (ii) മലബാർ റിവർ ഫെസ്റ്റിവൽ അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ കോഴിക്കോട് ജില്ലയിലെ തുഷാര ഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും നടത്തുകയുണ്ടായി.

   (iii) ചാലിയാർ ചലഞ്ച്

   (iv) ആംഗ്ലിംഗ് മത്സരം

4. അഡ്വഞ്ചർ ആക്ടിവിറ്റികളുടെ മാർക്കറ്റിംഗ് കേരളത്തിലെ സാഹസിക ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള ട്രാവൽ മാർട്ട് 2018, ATOAI കൺവെൻഷൻ 2019 അറക്കുവാലി തുടങ്ങിയ ട്രാവൽ എക്സിബിഷനുകളിൽ പങ്കെടുത്തിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള അഡ്വഞ്ചർ മേഖലകളെ കോർത്തിണക്കിക്കൊണ്ടുള്ള "അഡ്വഞ്ചർ ടൂർ പാക്കേജുകൾ " KATPS സംഘടിപ്പിക്കുന്നു.

(ബി) ഈ പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചുയെന്ന് അറിയിക്കാമോ?

അന്താരാഷ്ട്ര മത്സരങ്ങൾക്കും മറ്റു പദ്ധതികൾക്കുമായി 1,72,14,917 (ഒരു കോടി എഴുപത്തി രണ്ട് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ) ചെലവഴിച്ചു.

(സി) ഈ മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമ പഞ്ചായത്തിൽ അഡ്വഞ്ചർ ടൂറിസം അക്കാഡമി, കയാക്കിംഗിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം, വേളി അഡ്വഞ്ചർ പാർക്ക്, വാഗമൺ പാരാഗ്ലൈഡിംഗ് അടിസ്ഥാന സൗകര്യ വികസനം, വാഗമൺ അഡ്വഞ്ചർ പാർക്ക്, കുമരകത്ത് പാരാഗ്ലൈഡിംഗ് കോഴ്സിനുള്ള സ്ഥലം എന്നിവ ഈ മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികളാണ്.

ചെറുവത്തൂർ - വീരമലക്കുന്ന് ടൂറിസം പദ്ധതി

116 (865) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരമലക്കുന്ന് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആവിഷ്കരിക്കുവാൻ നേരത്തേതന്നെ മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി പ്രോജക്ടുകൾ സമർപ്പിച്ചിട്ടും പദ്ധതി തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) നിർദ്ദിഷ്ട പദ്ധതിക്കാവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽനിന്നും കൈമാറ്റം ചെയ്തുകിട്ടുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly